പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 458 — 06-03-2012-ൽ മറുപടിക്ക്

## ജനന-മരണ രജിസ്ട്രേഷൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) ജനന-മരണ രജിസ്ട്രേഷൻ നടപടി കൾ സംബന്ധിച്ചും, അവയിലെ തിരുത്തൽ സംബന്ധിച്ചുമുള്ള നടപടി ക്രമങ്ങൾ ലളിതമാക്കുന്നതിന് എന്തെല്ലാം നടപടി കൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ;

(എ) ആന്റ് (ബി) ജനന-മരണ രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ ലളിതമാക്കുന്നതിന്റെ ഭാഗമായി ചീഫ് രജിസ്ട്രാർ മുൻകാലങ്ങളിൽ പുറപ്പെടുവി ച്ചിട്ടുള്ള സർക്കുലറുകളിലെയും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലെയും ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ ക്രോഡീ കരിച്ചുകൊണ്ട് ചീഫ് രജിസ്ട്രാർ 08/12/2010-ൽ ബി1- 20741/2009-ാം നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്; പ്രസ്തുത സർക്കുലറിൽ ജനന-മരണ രജിസ്ട്രേഷൻ (താമസിച്ചുള്ള രജിസ്ട്രേഷൻ ഉൾപ്പെടെ), ഉപേക്ഷിക്ക പ്പെട്ട/ദത്തെടുത്ത കുട്ടിയുടെ ജനന രജിസ്ട്രേഷൻ, വിദേശത്തു നടന്ന ജനന- മരണങ്ങളുടെ രജിസ്ട്രേഷൻ, ജനന രജിസ്ട്രേഷനിൽ പേരു ചേർക്കൽ, തിരുത്തലുകൾ, സർട്ടിഫിക്കറ്റ് നൽകൽ, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, അപേക്ഷകൾ കൈകാര്യം ചെയ്യേണ്ട രീതി, കമ്പ്യൂട്ടർ വൽക്കരണം എന്നിവ സംബന്ധിച്ച കാര്യങ്ങൾ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ ലഘൂകരിച്ച് പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

കൂടാതെ ജനന രജിസ്ട്രേഷനിൽ സ്കൂൾ രേഖയുടെ അടിസ്ഥാനത്തിൽ അന്വേഷിച്ചു ബോദ്ധ്യം വന്ന ശേഷം സ്കൂൾ രേഖ പ്രകാരമുള്ള പേര് ചേർക്കാവുന്നതാണെന്നും കാണിച്ച് സർക്കാർ 01/02/2012-ൽ 35845/ആർ.ഡി3/2011/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. യാത്രയ്ക്കിടയിൽ മരണം സംഭവിക്കുകയും ആശുപത്രിയിൽ എത്താതെ സ്വദേശത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്ന കേസ്സുകളിൽ മരണ രജിസ്ട്രേഷൻ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ 04/08/2011-ലെ 32859/ആർ.ഡി3/11/തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. (ഇവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.)

(സി) 08/12/2010-ൽ ബി1-20741/09 നമ്പറായി ചീഫ്രജിസ്ട്രാർ പുറത്തിറക്കിയ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(സി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ആഫീസർ